ഹരിതകേരളം മിഷൻ
കേരള സർക്കാർ

06.09.2018

# പത്രക്കുറിപ്പ്

## ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്രളയ സ്ഥലങ്ങളിൽ കിണർവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

ഹരിതകേരളം മിഷന്റെയും സംസ്ഥാന മലിനീകരണ ബോർഡിന്റെയും നേതൃത്വത്തിൽ പ്രളയബാധിത പ്രദേശങ്ങളിൽ കിണറുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നു. ഈ മാസം 8, 9 തീയതികളിലാണ് പരിശോധന സംഘടിപ്പിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പും ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റും കേരള വാട്ടർ അതോറിറ്റിയും സംരംഭത്തിൽ പങ്കാളികളാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.എ.സി മൊയ്തീന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനമുസരിച്ചാണ് കിണർവെള്ള ഗുണനിലവാരപരിശോധന നടത്തുന്നത്. പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലോറിനേഷൻ നടത്തിയ കിണറുകളിലെ കുടിവെള്ളമാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ആദ്യ ഘട്ടമായി പൈലറ്റ് അടിസ്ഥാനത്തിൽ പ്രളയക്കെടുതി നേരിട്ട 6 ജില്ലകളിലെ ഒരു മുനിസിപ്പാലിറ്റിയുടേയും ഒരു പഞ്ചായത്തിലെയും പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ 16,232 കിണറുകളിൽ നിന്നുള്ള വെള്ളമാണ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ചെങ്ങന്നൂർ, തിരുവല്ല, വൈക്കം, നോർത്ത് പറവൂർ, ചാലക്കുടി, കൽപ്പറ്റ എന്നീ മുനിസിപ്പാലിറ്റികളും തലവടി, റാന്നി-അങ്ങാടി, തിരുവാർപ്പ്, കാലടി, മാള, പടിഞ്ഞാറത്തറ എന്നീ പഞ്ചായത്തുകളും ഇതിലുൾപ്പെടും. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ് ജലപരിശോധനയ്ക്കായുള്ള കിറ്റുകൾ നൽകുന്നത്. തദ്ദേശഭരണ വകുപ്പിന് കീഴിലെ പഞ്ചായത്ത്, മുനിസിപ്പൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും മേൽനോട്ടത്തിൽ ബന്ധപ്പെട്ട ജില്ലകളിലെ എൻ.എസ്.എസ് യൂണിറ്റുകളിൽ നിന്നുള്ള വോളന്റിയർമാരാണ് പരിശോധനയ്ക്കെത്തുന്നത്. ഇതിനു മുന്നോടിയായി ഇവർക്ക് ഇന്നലെ (06.09.2018) വിവിധ കേന്ദ്രങ്ങളിലായി പരിശീലന പരിപാടി സംഘടിപ്പിച്ചു. ജനപ്രതിനിധികളും പഞ്ചായത്ത് -നഗരകാര്യം വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഇന്ന് (07.09.2018) അവലോകന യോഗം ചേർന്ന് പരിപാടിയുടെ മുന്നൊരുക്കങ്ങൾ വിലയിരുത്തും. പരിശോധനാഫലം ഉൾപ്പെടെ ശുചീകരിച്ച കിണറിന്റെ വിവരങ്ങൾ അതത് സ്ഥലങ്ങളിൽ പോകുന്ന എൻ.എസ്.എസ്. വോളന്റിയർമാർ ഇതിനായി രൂപീകരിച്ച മൊബൈൽ ആപ്ലിക്കേഷനിൽ അപ്‌ലോഡ് ചെയ്യും. മലിനീകരണ നിയന്ത്രണബോർഡിന്റെ വെബ്സൈറ്റിലും പരിശോധനാഫലം പ്രസിദ്ധീകരിക്കും. ഇതിനു പുറമേ അതത് പഞ്ചായത്ത് സെക്രട്ടറിമാരെയും കിണറുകളുടെ ഉടമസ്ഥരെയും ഫലം അറിയിക്കും. ഈ മാസം 10 ന് എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീന്റെ അധ്യക്ഷതയിൽ പരിശോധന പരിപാടി വിലയിരുത്തുകയും തുടർ പരിശോധന, പ്രളയ ബാധിത പ്രദേശങ്ങളൊട്ടാകെയുള്ള കിണറുകളിലെ കുടിവെള്ള ഗുണനിലവാര പരിശോധന തുടങ്ങിയ വിഷയങ്ങളിൽ തീരുമാനമെടുക്കും.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

 റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in